**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4622** **19-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ജല ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി സർക്കാർ സംവിധാനങ്ങൾ ഉള്ളത് എവിടെയെല്ലാം; ജില്ലയിൽ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രസ്തുത പരിശോധനയ്ക്കായി അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ അവയുടെ പേരും വിലാസവും അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി കേരള വാട്ടർ അതോറിറ്റിക്ക് മഞ്ചേരി, മലപ്പുറം, പരപ്പനങ്ങാടി, തിരൂർ, പെരിന്തൽമണ്ണ, പൊന്നാനി എന്നീ ആറ് സ്ഥലങ്ങളിലായി ജലപരിശോധനാ ലബോറട്ടറികൾ നിലവിലുണ്ട്.<br><br>സ്വകാര്യ ലാബുകൾക്ക് ജലഗുണനിലവാര പരിശോധനയ്ക്കായി അംഗീകാരം നൽകാനുള്ള അധികാരമോ ചുമതലയോ നിലവിൽ ജലവിഭവ വകുപ്പിനില്ല. |
| (ബി) | ജില്ലയിൽ മറ്റ് വകുപ്പുകളുമായോ പദ്ധതികളുമായോ സഹകരിച്ച് ഏതെങ്കിലും സർക്കാർ സ്കൂളുകളിലെ ലാബുകളിൽ ജല പരിശോധന സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ; | (ബി) | ഇല്ല |
| (സി) | നിലമ്പൂർ മണ്ഡലത്തിൽ ജല പരിശോധന ലാബ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇതിനായി ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണെന്നും ആരാണ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതെന്നും അറിയിക്കാമോ; പ്രസ്തുത ലാബ് ആരംഭിക്കുന്നതിന് നിലമ്പൂരിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ആയതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | നിലമ്പൂർ മണ്ഡലത്തിൽ ജലപരിശോധന ലാബ് സ്ഥാപിക്കുന്നതിനായി ജലജീവൻ മിഷൻ 2022-23 വർഷത്തെ ആക്ഷൻ പ്ലാനിൽ തുക വകയിരുത്തിയിട്ടുണ്ട്.<br>2000 ചതുരശ്ര അടിയിൽ കുറയാത്ത കെട്ടിടമുറികളോ, അല്ലെങ്കിൽ ആയത് നിർമ്മിക്കുവാനുള്ള ഭൂമിയോ ലാബ് തുടങ്ങുന്നതിന് ആവശ്യമാണ്. നിലമ്പൂരിൽ കേരള വാട്ടർ അതോറിറ്റിക്ക്, ആവശ്യമായ സ്ഥലം സ്വന്തമായി ഇല്ല. സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ കോഴിക്കോട് ക്വാളിറ്റി കൺട്രോൾ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിവരുന്നു.<br><br>കൂടാതെ നിലമ്പൂർ മണ്ഡലത്തിൽ ബഹു.എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അഞ്ച് ലക്ഷം രൂപ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കാത്തോലിക്കേറ്റ് എച്ച്.എസ്സ്.എസ്സ്, എടക്കര എച്ച്.എസ്സ്.എസ്സ് എന്നിവിടങ്ങളിലും കാളികാവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പൂക്കോട്ടുപാടം ജി.എച്ച്.എസ്സ്.എസ്സ് ലും നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ നിലമ്പൂർ ജി.എം.വി.എച്ച്.എസ്സ്.എസ്സ് ലും ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനായി അനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ നിർവ്വഹണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിലെ ചില മലയോര പ്രദേശങ്ങളിൽ വൃക്കരോഗവും അർബുദവും ക്രമാതീതമായി കാണപ്പെടുന്നതിൽ ജല അതോറിറ്റി വിശദമായ പഠനം നടത്തുമോ; പ്രസ്തുത മേഖലകളിൽ സമഗ്ര ജല പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | മലപ്പുറം ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിലെ കുടിവെള്ളത്തിന്റെ നിരന്തര മൂല്യനിർണ്ണയം 2010 മുതൽ നടന്നുവരുന്നുണ്ട്. അതിന്റെ ഭാഗമായി പ്രസ്തുത പ്രദേശങ്ങളിലെ വെള്ളത്തിന്റെയും മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. അത്തരം മൂല്യ നിർണ്ണയത്തിൽ പിഎച്ച്, ടർബിഡിറ്റി, ആകെ ലയന ഖരപദാർത്ഥങ്ങൾ, കാഠിന്യം, ക്ലോറൈഡ്, ഇരുമ്പ്, നൈട്രേറ്റ് തുടങ്ങിയ ഭൗതിക രാസ പരിശോധനകളും, ആകെ കോളിഫോം ബാക്ടീരിയ, ഇകോളി തുടങ്ങിയ ബാക്ടീരിയോളജി പരിശോധനയും നടത്തുന്നു. അതിനു പുറമെ എടക്കര, നിലമ്പൂർ, വടപുറം എന്നിവിടങ്ങളിൽ നിന്നും നദീജലത്തിന്റെ നിരന്തര മൂല്യനിർണ്ണയവും നടത്തി വരുന്നുണ്ട്. നദീജലത്തിന്റെ മൂല്യനിർണ്ണയത്തിൽ പിഎച്ച്, ടർബിഡിറ്റി, ആകെ ലയന ഖരപദാർത്ഥങ്ങൾ, കാഠിന്യം, ക്ലോറൈഡ്, ഇരുമ്പ്, നൈട്രേറ്റ്, കെമിക്കൽ ഓക്സിജൻ ഡിമാന്റ്, ലയന ഓക്സിജൻ, ആകെ കോളിഫോം ബാക്ടീരിയ, ഇകോളി തുടങ്ങിയ പരിശോധനകൾ എല്ലാ മാസങ്ങളിലും, അലുമിനിയം, ലെഡ്, കാഡ്മിയം, കോപ്പർ തുടങ്ങിയ ഹെവിമെറ്റൽ പരിശോധനകൾ, പ്രീ മൺസൂൺ പോസ്റ്റ് മൺസൂൺ എന്നിങ്ങനെ വർഷത്തിൽ രണ്ടു തവണയും പരിശോധിക്കുന്നുണ്ട്. എന്നാൽ, മുകളിൽ പറഞ്ഞ പരിശോധനകളിൽ കെമിക്കൽ ഘടകങ്ങളൊന്നും തന്നെ അനുവദനീയ പരിധിക്കു മുകളിൽ ഇതുവരെ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ